പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3078 10.12.2018-ൽ മറുപടിക്ക്

**കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാത്തത് കാരണം വർഷങ്ങളായി പാലം ഗതാഗത യോഗ്യമാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി താലൂക്കിൽ അവിടനല്ലൂർ വില്ലേജിലും ബാലുശ്ശേരി വില്ലേജിലുമായി 0.0902 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമി വില അംഗീകരിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ 26.04.2018-ലെ സ.ഉ.(ആർ.ടി) നം. 1506/2018/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുന്നതിനായി പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സ്ഥലമേറ്റെടുക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തി ലഭിച്ചിട്ടുണ്ട്. |
| (സി). അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി എത്ര പേരാണ് ഇപ്പോൾ സ്ഥലം വിട്ടു തരാൻ തയ്യാറായിട്ടുള്ളതെന്നും ഇവർക്ക് എത്ര ഭൂമി നഷ്ടപ്പെടുന്നുണ്ടെന്നും അറിയിക്കാമോ; | (സി) 5 പേരുടെ കൈവശമുള്ള 0.0902 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. |

| | |
|---|---|
| (ഡി). കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നറിയിക്കാമോ? | (ഡി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ